"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - അധിക ചുമതല നൽകിയത് - സാധൂകരണം നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.5910/2025/ധന** **തീയതി, തിരുവനന്തപുരം, 14-07-2025**

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18/06/2025 -ലെ ഡി.കെ.എസ്.എ 10/എസ്റ്റാ.1/2025(2) നമ്പരായുള്ള കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18/06/2025 -ലെ ഡി.കെ.എസ്.എ 10/എസ്റ്റാ.1/2025(1) നമ്പരായുള്ള നടപടിക്രമം.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ എം ജി ഓഡിറ്റ് കാര്യാലയ ജോയിന്റ് ഡയറക്ടറായ ശ്രീ. ഷൈജു എസ് 31/05/2025 -ന് വിരമിച്ച സാഹചര്യത്തിൽ പ്രസ്തുത കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല കൈകാര്യം ചെയ്യുവാൻ കോട്ടയം മുൻസിപ്പൽ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീമതി. എൽസമ്മ എസ് -ന്, ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഈ നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) -ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം മുൻസിപ്പൽ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീമതി. എൽസമ്മ എസ് -ന് ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകിയ ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള , തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ : 3192536/ എസ്റ്റാ -ഡി 4/89/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ